## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :667　　04.02.2020-ൽ മറുപടിക്ക്**

## സഹകരണ സംഘങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സർക്കാരിനെതിരെ കോടതിയെ സമീപിക്കാൻ സഹകരണ സംഘങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; എന്തെല്ലാം കാര്യങ്ങളാണ് കോടതിയെ സമീപിക്കുന്ന സംഘങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്കു മേൽ കൈക്കൊള്ളുന്ന നടപടികളിന്മേൽ സഹകരണ നിയമം അനുശാസിക്കുന്ന അപ്പീൽ ഉൾപ്പെടെയുള്ള നിയമാനുസൃത പരിഹാര മാർഗ്ഗങ്ങൾ തേടാതെ പകരം കോടതികളെ സമീപിക്കുകയാണെങ്കിൽ അത്തരം കേസുകളുടെ നടത്തിപ്പിനായി സംഘത്തിന്റെ പൊതുഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളതല്ലായെന്ന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിനു വിരുദ്ധമായി വ്യവഹാരങ്ങൾക്കും മറ്റുമായി സംഘം ഫണ്ട് വിനിയോഗിക്കുന്ന ഭരണസമിതിയ്ക്കെതിരെയും ഉദ്യോഗസ്ഥർക്കുമേലും സഹകരണ നിയമം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ദുർചെലവ് ചെയ്യുന്നത് നിയന്ത്രിക്കുക എന്ന സദ്ദുദ്ദേശത്തോടെയാണ് സഹകരണ സംഘം രജിസ്ട്രാർ പ്രസ്തുത സർക്കുലർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്; സഹകരണ സ്ഥാപനങ്ങളിലെ ഇത്തരത്തിലുള്ള അനാവശ്യ ചെലവുകൾ നിയന്ത്രിക്കേണ്ടത് ടി സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് എന്നതിനാലും സഹകരണ സംഘങ്ങളുടെയും |
| (ബി) | സഹകരണ സംഘങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും മാത്രമുള്ള സർക്കാർ ഇക്കാര്യത്തിൽ സംഘങ്ങൾക്ക് മേൽ വിലക്ക് ഏർപെടുത്തിയിട്ടുണ്ടെങ്കിൽ ആ തീരുമാനം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | അതുവഴി സഹകരണ മേഖലയുടെയും ഉന്നമനം ലക്ഷ്യമിട്ടുമാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ റദ്ദാക്കുന്നത് പരിഗണന യിലില്ല. |
| (സി) | ആദായ നികുതി ഈടാക്കൽ, ഒരു കോടിക്ക് മുകളിൽ പിൻവലിക്കുന്ന പണത്തിന് രണ്ട ശതമാനം നികുതി ചുമത്തൽ എന്നീ കേന്ദ്ര തീരുമാനങ്ങൾക്കെതിരെ കേസ് നടത്തുന്ന സംഘങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഈ തീരുമാനം പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ? | (സി) | സംഘങ്ങൾ നടത്തുന്ന ഇതര കേസുകളെ ടി നിർദ്ദേശം പ്രതികൂലമായി ബാധിക്കുകയില്ല. |

**സെക്ഷൻ ഓഫീസർ**